]

<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഏഴാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1307

08.2.2013 - ൽ
മറുപടിക്ക്

## <u>കയർ കേരള 2012</u>

| <u>ചോദ്യം</u><br><br>ശ്രീ.എ.എം. ആരിഫ് | <u>ഉത്തരം</u><br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) നടപ്പു സാമ്പത്തികവർഷം കയർ വകുപ്പിൻകീഴിൽ ഓരോ കണക്കിലും സംസ്ഥാനബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയത്; ഇതിൽ ഖജനാവിൽ നിന്നും എന്ത് തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) നടപ്പു സാമ്പത്തിക വർഷം കയർ വകുപ്പിന് പ്ലാൻ ഇനത്തിൽ 104.7 കോടി രൂപയും നോൺ പ്ലാനിൽ 18.99 കോടി രൂപയും വകയിരുത്തിയിരുന്നു. ഈ തുക പൂർണ്ണമായും ലഭിച്ചു. കൂടാതെ നോൺ പ്ലാനിൽ 2851-00-106-93 എന്ന ശീർഷകത്തിൽ കയർ തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ നൽകുന്നതിനായി ഉപധനാഭ്യർത്ഥന (SDG) പ്രകാരം 10 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന 12 കോടി രൂപയും ലഭിച്ചു. |
| ബി) കയർ കേരള 2012-ൽ എത്ര തുകയ്ക്കുള്ള വ്യാപാര ഓർഡർ ലഭിച്ചു; അത്രയും വ്യാപാരം നടക്കുകയുണ്ടായോ; വിശദാംശം നൽകുമോ? | ബി) 2012-ലെ 'കയർ കേരള' വഴി ഫോംമാറ്റിംഗ്സ്(ഇന്ത്യാ) ലിമിറ്റഡിന് 31 ലക്ഷം രൂപയുടെയും, കയർഫെഡിന് 2 കോടി രൂപയുടെയും ഓർഡറുകൾ ലഭിച്ചു. ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് 31 ലക്ഷം രൂപയുടെയും കയർഫെഡ് 1,70,00,000/- രൂപയുടെയും കയർ ഉൽപ്പന്നങ്ങൾ കയറ്റി അയച്ചു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ഏകദേശം 5 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവെച്ചതു പ്രകാരം 87 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ കയറ്റി അയച്ചു. |

സെക്ഷൻ ഓഫീസർ